03-12-2021

FRIDAY വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 03/12/2021

1. അസംഘടിത തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് സമഗ്രമായ ഒരു ഡാറ്റാബേസ് തയ്യാറാക്കുന്നതിനായി ഇപ്രകാരമുള്ള തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് കേന്ദ്ര സർക്കാർ തയ്യാറാക്കിയ e - SHRAM പോർട്ടലിൽ വിവിധ മേഖലയിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികൾ ഡിസംബർ 31 – നു മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതുപ്രകാരം കാർഷിക മേഖലയിലെ അസംഘടിത തൊഴിലാളികൾ ഡിസംബർ 31 നു മുൻപായി www.eshram.gov.in എന്ന വെബ് പോർട്ടലിലൂടെ രജിസ്റ്റർ ചെയ്യണമെന്ന് കൃഷി ഡയറക്ടർ അറിയിച്ചു. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡും ലഭിക്കുന്നതാണ്.

2. തിരുവനന്തപുരം കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ പുതുതായി നിർമ്മിച്ച കന്നുകാലി ഷെഡുകളുടെ ഉദ്ഘാടനം നാളെ (04.12.2021) രാവിലെ 11 മണിക്ക് കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ വട്ടിയൂർക്കാവ് എം.എൽ.എ വികെ.പ്രശാന്തിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ വച്ച് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. തിരുവനന്തപുരം മേയർ എസ്. ആര്യ രാജേന്ദ്രൻ മുഖ്യാതിഥി ആയിരിക്കും. ഇതിനോടനുബന്ധിച്ച് ശാസ്ത്രീയ പശുപരിപാലനം, ആടുവളർത്തൽ എന്നീ വിഷയങ്ങളിൽ കർഷക സെമിനാറും സംഘടിപ്പിച്ചിരിക്കുന്നു.

3. തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട്, കൊല്ലം ജില്ലയിലെ ഇട്ടിവ, കരീപ്ര, ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം, എറണാകുളം ജില്ലയിലെ കോട്ടുവള്ളി, കോട്ടയം ജില്ലയിലെ കറുകച്ചാൽ, കോഴിക്കോട് ജില്ലയിലെ കടലുണ്ടി, വേളം, കണ്ണൂർ ജില്ലയിലെ മങ്ങാട്ടിടം, പെരളശ്ശേരി തുടങ്ങി 10 ജില്ലകളിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷീരഗ്രാമം പദ്ധതിയിലേയ്ക്കുള്ള അപേക്ഷകൾ ക്ഷീരശ്രീ പോർട്ടലിലെ **ksheerasree.kerala.gov.in** മുഖാന്തിരം ഓൺലൈനായി ഈ മാസം 18 വരെ (**ഡിസംബർ** 18 വരെ) സമർപ്പിക്കാം.

**പരിശീലന പരിപാടികൾ**

4. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 7-ന് കിഴങ്ങുവർഗ വിളകളുടെ സംസ്കരണവും മൂല്യവർദ്ധനവും, 13 മുതൽ 18 വരെ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം, 22-ന് ചീരയുടെ ജൈവകൃഷി എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496 2966041** എന്ന നമ്പരിൽ ബന്ധപ്പെടുക.

5. വെള്ളായണി കാർഷിക കോളേജ് വി.എച്ച്.എസ്.സി (അഗ്രിക്കൾച്ചർ) പാസ്സായ വിദ്യാർഥികൾക്കായി **ഫിനിഷിങ് സ്കൂൾ പരിശീലന**പരിപാടി സംഘടിപ്പിക്കുന്നു. നൈപുണ്യ വികസന അടിസ്ഥാനത്തിൽ ഊന്നിയുള്ള പരിശീലനത്തിലൂടെ വിദ്യാർഥികളുടെ തൊഴിൽ സാധ്യത വർധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കാർഷികകോളേജിൽ സംഘടിപ്പിക്കുന്ന പരിശീലനത്തിന് ശേഷം രണ്ടു മാസത്തെ അപ്രന്റീസ് പരിശീലനവും ഉണ്ടായിരിക്കും. പരിശീലനപരിപാടി തികച്ചും സൗജന്യമാണ്. താല്പര്യമുള്ളവർ സർട്ടിഫിക്കറ്റുകളുടെ അസ്സൽ പകർപ്പോടു കൂടിയുള്ള അപേക്ഷ അസ്സോസിയേറ്റ് പ്രൊഫസർ ആൻഡ് ഹെഡ്, ട്രെയിനിങ് സർവീസ് സ്കീം, കാർഷികകോളേജ്, വെള്ളായണി-695522 എന്ന വിലാസത്തിൽ **ഡിസംബർ 5** നുമുമ്പായി സമർപ്പിക്കേണ്ടതാണ്.

6. ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ക്ഷീരകർഷകർക്കായി **പാലുത്പന്നങ്ങളുടെ നിർമ്മാണം** എന്ന വിഷയത്തിൽ ഈ മാസം 6 മുതൽ 17 വരെ (**ഡിസംബർ 6 മുതൽ** 17 തീയതികളിൽ) പത്ത് ദിവസത്തെ ക്ലാസ് റൂം പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഡിസംബർ 6-ന് രാവിലെ 10 മണിക്ക് മുമ്പായി **8075028868, 9947775978, 0476-2698550** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡ്, രണ്ട് ഡോസ് കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

7. പാലക്കാട് ജില്ലയുടെ വിവിധ ഭാഗങ്ങളായ ചിറ്റൂർ, പെരുമാട്ടി, കൊഴിഞ്ഞാമ്പാറ എന്നിവിടങ്ങളിൽ തെങ്ങിനെ ആക്രമിക്കുന്ന വെള്ളീച്ചശല്യം രൂക്ഷമാകുന്നു. വിവിധ ജനുസ്സിൽപ്പെട്ട വെള്ളീച്ചകളുടെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

(Rugose spiraling whitefly, Nesting whitefly etc.) കൂട്ടമാണ് തെങ്ങിൻ തോപ്പുകളിൽ വളരെ വ്യാപകമായി കണ്ടുവരുന്നത്. തൂവെള്ളനിറത്തിൽ കാണപ്പെടുന്ന ഇത്തരം കീടങ്ങൾ ഇലയുടെ അടിയിൽ വൃത്താകൃതിയിലോ അർദ്ധവൃത്താകൃതിയിലോ മുട്ടയിടുകയും വെള്ളപഞ്ഞിപോലുള്ള ആവരണംകൊണ്ട് മുട്ടമൂടുകയും ചെയ്യുന്നു. കൂടാതെ, തെങ്ങോലകളുടെ അടിഭാഗത്തിരുന്ന് നീരൂറ്റിക്കുടിക്കുകയും മധുരശ്രവം വിസർജ്ജിക്കുകയും ചെയ്യും. ഈ വിസർജ്യങ്ങളെ ആകർഷിച്ചു എത്തുന്ന കരിംപൂപ്പലുകൾ തെങ്ങോലകളിൽ വ്യാപിക്കുന്നു. തൽഫലമായി തെങ്ങോലകൾ കറുത്തനിറത്തിൽ കാണുകയും ഇത് പിന്നീട് പ്രകാശസംശ്ലേഷണത്തെ തടയുകയും ചെയ്യുന്നു. കീടനാശിനികൾ പൂർണമായും ഒഴിവാക്കിക്കൊണ്ട് സംരക്ഷണ ജൈവനിയന്ത്രണമാർഗ്ഗം വഴി ഈ കീടാക്രമണം കുറയ്ക്കാൻ സാധിക്കും. കീടബാധയേറ്റ തൈകൾ മറ്റൊരു കൃഷിസ്ഥലത്തേക്ക് കൊണ്ടുപോകാതെ പ്രത്യേകം ശ്രദ്ധിക്കണം. വെള്ളം ധാരാളമായി ലഭിക്കുന്ന പ്രദേശങ്ങളിൽ പശചേർത്ത് വളരെ ശക്തിയോടുകൂടി വെള്ളം ഓലകളിൽ സ്പ്രേ ചെയ്തുകൊടുക്കുക വഴി കീടത്തിന്റെ വിവിധ വളർച്ചഘട്ടങ്ങളെ ഓലകളിൽ നിന്ന് നീക്കം ചെയ്യാൻ സാധിക്കും. മഴ കൂടുതലുള്ള സാഹചര്യങ്ങളിൽ നിയന്ത്രണമാർഗ്ഗങ്ങൾ അവലംബിക്കാതെ തന്നെ ഇവയുടെ ആക്രമണം കുറയുന്നതാണ്. മണ്ണ് പരിശോധന അടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുള്ള തോതിൽ മാത്രം വളങ്ങൾ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. വെള്ളീച്ചകളുടെ സമാധിഘട്ടത്തെ തിന്നുനശിപ്പിക്കുന്ന മിത്രകീടങ്ങളായ പരാദങ്ങളാണ് എൻകാർസിയജനുസ്സിൽ പെടുന്നവ. ഈ മിത്രകീടങ്ങൾ ആക്രമിക്കുന്ന സമാധിഘട്ടങ്ങൾ കറുപ്പ് നിറത്തിൽ കാണപ്പെടുന്നു. ഓലകളിൽ രൂപപ്പെടുന്ന കരിംപൂപ്പലുകളെ നശിപ്പിക്കുന്നതിനായി നേർപ്പിച്ച കഞ്ഞിവെള്ളം സ്പ്രേചെയ്യുന്നത് ഗുണകരമാണ്. കൂടാതെ കരിംപൂപ്പലുകളെ തിന്നുനശിപ്പിക്കുന്ന വണ്ടുകളും (Leiochrinusnilgirianus) പ്രകൃതിയിൽ തന്നെ കാണപ്പെടുന്നവയാണ്. ആയതിനാൽ കർഷകർക്ക് ഉപകാരപ്രദമായ ഈ പ്രാണികളെ നിലനിർത്തുന്നതിനും വളർച്ച ത്വരിതപ്പെടുത്തുന്നതിനും രാസകീടനാശിനികളുടെ ഉപയോഗം പാടെ ഒഴിവാക്കേണ്ടതാണ്. എന്നാൽ വെള്ളീച്ചകളുടെ ആക്രമണം രൂക്ഷമായാൽ 0.5 % വേപ്പെണ്ണ അല്ലെങ്കിൽ 5 % വേപ്പിൻകുരുസത്ത് അല്ലെങ്കിൽ വേപ്പെണ്ണ (2%) + വെളുത്തുള്ളി (2%) + അന്നജം (1%) എന്ന മിശ്രിതം തെളിഞ്ഞ കാലാവസ്ഥയിൽ തളിച്ച് കൊടുക്കുന്നത് അനുയോജ്യമാണ്.